മി. സ്പീക്കർ: ഓർഡർ....... ഓർഡർ......

**ചരമോപചാരം**

**മുൻരാഷ്ട്രപതി എ. പി. ജെ. അബ്ദുൾ കലാമിന്റെ നിര്യാണം**

മി. സ്പീക്കർ: വളരെയേറെ വേദനാജനകമായ വാർത്തയാണ് മുൻരാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ വിയോഗം. ഇന്നലെ, ജൂലൈ 27-ന്, ഷില്ലോങ് ഐ.ഐ.എം.-ലെ കുട്ടികളോട് പ്രസംഗിക്കവേ കുഴഞ്ഞുവീഴുകയും രാത്രി 7.45-ഓടെ അദ്ദേഹത്തിന്റെ മരണം സ്ഥിരീകരിക്കുകയും ചെയ്തു. ഇൻഡ്യൻ യുവത്വത്തിന് പുതിയ മാതൃക കാണിക്കുകയും ആകാശത്തോളം സ്വപ്നം കാണാൻ പ്രചോദനമേകുകയും ചെയ്ത മഹാപ്രതിഭയായിരുന്ന ഡോ. എ. പി. ജെ. അബ്ദുൾ കലാം. വളരെ പാവപ്പെട്ട ഒരു കുടുംബത്തിൽ ജനിച്ച് സ്വപ്രയത്നത്താൽ ഇൻഡ്യയുടെ രാഷ്ട്രപതിയായിത്തീർന്ന അദ്ദേഹത്തിന്റെ ജീവിതം എല്ലാവർക്കും പ്രചോദനം നൽകുന്നതാണ്. ബഹിരാകാശ പ്രതിരോധ ഗവേഷണ

കേന്ദ്രങ്ങളിൽ ശാസ്ത്രജ്ഞനായി ജോലിയിൽ പ്രവേശിച്ച ഡോ. എ. പി. ജെ. അബ്ദുൾ കലാം 2002-2007 കാലഘട്ടത്തിലാണ് ഇന്ത്യയുടെ രാഷ്ട്രപതിയായത്. അന്തർദ്ദേശീയ തലത്തിൽ ആദരവും അംഗീകാരവും നേടിയ ശാസ്ത്രപ്രതിഭയായിരുന്നു അദ്ദേഹം. 1931 ഒക്ടോബർ 15-ന് തമിഴ്നാട്ടിലെ രാമേശ്വരത്താണ് അദ്ദേഹം ജനിച്ചത്. എന്നും എപ്പോഴും അദ്ദേഹം ജനങ്ങളോടൊപ്പം സഞ്ചരിച്ചു. ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ചിരുന്നപ്പോഴും അതിൽനിന്നും ഒഴിഞ്ഞപ്പോഴും എവിടെ ചെന്നാലും അദ്ദേഹം വിദ്യാർത്ഥികളുമായും യുവാക്കളുമായും സംവാദത്തിലേർപ്പെടാൻ സമയം കണ്ടെത്തിയിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ എല്ലാവരെയും പ്രചോദിപ്പിക്കുന്നതായിരുന്നു. രാഷ്ട്രപതി സ്ഥാനം ഒഴിഞ്ഞശേഷം അഹമ്മദാബാദ്, ഷില്ലോങ്, ഇൻഡോർ എന്നിവിടങ്ങളിലെ ഐ.ഐ.എം.കളിലും ബെംഗളൂരുവിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലും അദ്ധ്യാപകനായിരുന്നു. തിരുവനന്തപുരത്തെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജിയുടെ ചാൻസലറുമായിരുന്നു അദ്ദേഹം. ഭാരതരത്നം, പത്മഭൂഷൺ, പത്മവിഭൂഷൺ തുടങ്ങിയ പുരസ്കാരങ്ങൾ നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

വിദേശത്തുനിന്നുൾപ്പെടെ 40 സർവ്വകലാശാലകൾ അദ്ദേഹത്തിന് ഓണററി ഡോക്ടറേറ്റ് ബിരുദം നൽകി ആദരിച്ചു. അദ്ദേഹത്തിന് കേരളവുമായി വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. നമുക്ക് അദ്ദേഹം രാഷ്ട്രപതി മാത്രമായിരുന്നില്ല. രണ്ട് പതിറ്റാണ്ടോളം തിരുവനന്തപുരം നഗരത്തിൽ അദ്ദേഹം താമസിച്ചിരുന്നു. 1963-ൽ തുമ്പയിൽ എത്തിയ അദ്ദേഹം മലയാളിയായി തന്നെയാണ് ഇവിടെ ജീവിച്ചത്. കേരളവുമായുള്ള ബന്ധം എപ്പോഴും തുടർന്ന അദ്ദേഹം പലപ്പോഴും ഇവിടെ സന്ദർശനത്തിന് എത്താറുമുണ്ടായിരുന്നു. ലാളിത്യമായിരുന്നു ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ ജീവിതത്തിന്റെ മുഖമുദ്ര. അറിവിന്റെ ഉപാസകനായ സ്വപ്നദർശിയായിരുന്നു അദ്ദേഹം. ശാസ്ത്രജ്ഞന്റെ ബഹിരാകാശ സ്വപ്നങ്ങൾ മാത്രമല്ല പുരോഗതിയുടെ ആകാശത്തേയ്ക്ക് കുതിക്കുന്ന സ്വരാജ്യത്തെക്കുറിച്ചുള്ള സ്വപ്നങ്ങളും അദ്ദേഹം സൃഷ്ടിച്ചു. വളരെ വ്യത്യസ്തനായ രാഷ്ട്രപതിയായിരുന്നു അദ്ദേഹം. രാഷ്ട്രപതിയായിരിക്കെ നിയമസഭാ തെരഞ്ഞെടുപ്പിൽ അദ്യമായി വോട്ട് ചെയ്ത് അദ്ദേഹം ചരിത്രം സൃഷ്ടിച്ചു. വളരെ ആകസ്മികമെന്നുതന്നെ പറയാം ഡോ. എ. പി. ജെ. അബ്ദുൾകലാം നമ്മുടെ നിയമസഭ സന്ദർശിച്ചത് 2005 ജൂലൈ 28-ന് ആയിരുന്നു. 10 വർഷം മുമ്പ് ഇതേ ദിവസം ഇതേ സമയം അദ്ദേഹം ഈ സഭയിൽ

പ്രസംഗിക്കുകയായിരുന്നു. അന്ന് അദ്ദേഹം നമ്മുടെ വളർച്ചയ്ക്ക് ഉതകുന്ന അനേകം പദ്ധതികൾ 'ദൗത്യങ്ങൾ കേരളത്തിന്റെ അഭിവൃദ്ധിക്ക്' എന്ന ശീർഷകത്തിൽ അവതരിപ്പിച്ചു. നിയമസഭാ വളപ്പിൽ പത്ത് വർഷം മുമ്പ് ഇതേ ദിവസം അദ്ദേഹം നട്ട ചെമ്പകമരം ഇപ്പോഴും സൗരഭ്യം പരത്തുന്ന പൂക്കളുമായി വളർന്നു നിൽക്കുന്നു. അവസാന ശ്വാസം വരെയും കർമ്മനിരതനായിരുന്ന അദ്ദേഹത്തിന്റെ ഉജ്ജ്വലമായ ഓർമ്മകൾക്കുമുമ്പിൽ ഹൃദയാഞ്ജലികൾ അർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കേരളത്തെ ഏറ്റവുമധികം സ്നേഹിച്ച ഒരു നേതാവായിരുന്നു അന്തരിച്ച ഡോ. എ. പി. ജെ. അബ്ദുൾ കലാം. അദ്ദേഹം ജന്മംകൊണ്ട് തമിഴ്നാട്ടുകാരനാണെങ്കിലും അദ്ദേഹത്തിന്റെ നീണ്ട കാലത്തെ കർമ്മഭൂമി കേരളത്തിലെ തിരുവനന്തപുരം ആയിരുന്നു. 20 കൊല്ലത്തിലേറെക്കാലം ഈ തലസ്ഥാന നഗരിയിൽ താമസിച്ച് ഒരു സാധാരണക്കാരനായി, ഒരു മലയാളിയെപ്പോലെ ജീവിച്ച ഡോ. എ. പി. ജെ. അബ്ദുൾകലാം അവസാന നാളുവരെ കേരളത്തെ സ്നേഹിക്കുകയും കേരളത്തിനുവേണ്ടി തന്റെ എല്ലാ കഴിവുകളും വിനിയോഗിക്കുകയും ചെയ്ത

നേതാവായിരുന്നു. അങ്ങിവിടെ പറഞ്ഞതുപോലെ, ഇന്നേയ്ക്ക് 10 വർഷം മുമ്പാണ് അദ്ദേഹം ഈ സഭയിൽ വന്ന് നമുക്ക് വേണ്ട ഉപദേശങ്ങൾ തന്നത്. സാധാരണ ഇതുപോലുള്ള വി.വി.ഐ.പി.കൾ വരുമ്പോൾ ഒരു പ്രസംഗമാണ് നടത്തുന്നത്. എന്നാൽ, അദ്ദേഹം വളരെയേറെ ഹോംവർക്ക് ചെയ്ത് അറിയാവുന്ന കേരളത്തിന്റെ സാധ്യതകളെക്കുറിച്ച് ദിവസങ്ങളോളമെടുത്ത് പഠിച്ച് 'വിഷൻ 2010', കേരളത്തിന്റെ വികസനത്തിനുവേണ്ടി 10 പരിപാടികൾ മുന്നോട്ടുവച്ചു. നീര ഉൾപ്പെടെ കേരളത്തിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞ് അദ്ദേഹം വച്ച നിർദ്ദേശങ്ങൾ നമ്മൾ അന്നുതന്നെ സ്വീകരിച്ചു. അതുകഴിഞ്ഞ് ഈ സഭ ചർച്ച ചെയ്ത് അംഗീകരിക്കുകയും അതിലെ പല പരിപാടികൾ നടപ്പിലാക്കുകയും ചെയ്തു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കേരളത്തിന്റെ സ്വപ്ന പദ്ധതിയായ നീര ആയിരുന്നു. അദ്ദേഹം നമ്മുടെ രാജ്യത്തിന്, പ്രത്യേകിച്ച് നമ്മുടെ യുവതലമുറയ്ക്ക് ആത്മവിശ്വാസം പകർന്നുകൊടുത്ത രാഷ്ട്രപതിയും നേതാവുമായിരുന്നു. അദ്ദേഹം അതിന് എത്രമാത്രം കമ്മിറ്റ്മെന്റോടുകൂടിയാണ് പ്രവർത്തിച്ചതെന്ന് രാഷ്ട്രപതി സ്ഥാനം ഒഴിഞ്ഞ ശേഷമുള്ള അദ്ദേഹത്തിന്റെ നടപടികളിൽനിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കും. സ്ഥാനം ഒഴിഞ്ഞ ശേഷം ഡോ. എ. പി. ജെ. അബ്ദുൾ കലാം സഞ്ചരിച്ചതുപോലെ ഒരു

മുൻരാഷ്ട്രപതിയും നമ്മുടെ രാജ്യത്ത് സഞ്ചരിച്ചിട്ടില്ല. ഈ കേരളത്തിൽതന്നെ എത്രയോ പ്രാവശ്യം വന്നിരിക്കുന്നു. ഇൻഡ്യയിലെ മുഴുവൻ സംസ്ഥാനങ്ങളിലും അദ്ദേഹം ഓടിനടന്നത് ഒരതിഥിയായല്ല, ഒരദ്ധ്യാപകനായി, ഒരു ഉപദേശകനായി, നമ്മളിൽ ഒരാളെപ്പോലെ വളരെയേറെ കാര്യങ്ങൾ ഈ രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി നൽകിയ ഡോ. എ. പി. ജെ. അബ്ദുൾ കലാം, അദ്ദേഹം ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു അവസരത്തിലാണ് നമ്മെ വിട്ടുപിരിഞ്ഞത്. ആ സ്മരണയ്ക്ക് മുന്നിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. കേരളത്തിന് ഒരിക്കലും മറക്കാനാവാത്ത ആ വ്യക്തിത്വം, തുടർന്നും അദ്ദേഹത്തിന്റെ കാഴ്ചപ്പാടും ദർശനവും നമുക്ക് വഴികാട്ടിയായിത്തീരട്ടേയെന്ന് ഞാൻ ആശിക്കുന്നു. ഒരിക്കൽകൂടി എന്റെ അനുശോചനം അറിയിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ഡോ. എ. പി. ജെ. അബ്ദുൾ കലാം, പേരുപോലെതന്നെ അത്യന്തം സവിശേഷതയാർന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. നമ്മുടെ രാഷ്ട്രപതിമാരുടെ ശ്രേണിയിലും അത്യപൂർവ്വ സവിശേഷതകളോടെ അദ്ദേഹം തിളങ്ങി. വികസനത്തിന്റേയും വിജ്ഞാനത്തിന്റേയും സമന്വയിപ്പിച്ച ദർശനമായിരുന്നു

അദ്ദേഹത്തിന്റേത്. അത് രാജ്യത്ത് മാത്രമല്ല, രാജ്യാന്തരങ്ങളിൽ വരെ അദ്ദേഹം പ്രചരിപ്പിച്ചു. ഒരർത്ഥത്തിൽ, നമ്മളെ സ്വപ്നങ്ങളുടെ ചിറകുകളിൽ സഞ്ചരിക്കാൻ അദ്ദേഹം പഠിപ്പിച്ചു. കേവലമായ സ്വപ്നങ്ങളായിരുന്നില്ല അദ്ദേഹം നമുക്ക് പകർന്നുതന്നത്. സ്വപ്നങ്ങളുടെ സാക്ഷാത്കാരത്തിന് പ്രായോഗിക നിർദ്ദേശങ്ങളും അദ്ദേഹം മുന്നോട്ടുവച്ചു. 2020-ഓടെ രാജ്യത്തെ വൻശക്തിയാക്കി മാറ്റാനുള്ള അദ്ദേഹത്തിന്റെ ദർശന പൂർണ്ണിമ എന്നും നമുക്ക് വെളിച്ചമാണ്. പ്രോട്ടോക്കോളിന്റെയും കർശന ചിട്ടവട്ടങ്ങളുടേയും അപ്പുറംകടന്ന് സാധാരണ ജനതയുടെ ഹൃദയവും മനസ്സും തൊട്ടറിയാൻ അദ്ദേഹത്തിന് കഴിഞ്ഞു. വിജ്ഞാനത്തിന്റേയും ധിഷണതയുടേയും പാരമ്യത്തിലും അദ്ദേഹം ലാളിത്യത്തിന്റെ വിശുദ്ധി നാടെങ്ങും പ്രസരിപ്പിച്ചു. കേരളം അദ്ദേഹത്തിന് ഒരു രണ്ടാം വീടായിരുന്നു. കേരളത്തിലെ ജീവിതവും പ്രവർത്തനവും ഏറെ ഗൃഹാതുരത്വത്തോടെയാണ് അദ്ദേഹം എന്നും ഹൃദയത്തിൽ സൂക്ഷിച്ചിരുന്നത്. കേരളത്തോട് എന്നും അദ്ദേഹം ഹൃദയംകൊണ്ടാണ് സംസാരിച്ചിരുന്നത്. നമ്മുടെ മഹത്തായ ഈ സഭാവേദിയിൽ അദ്ദേഹം നടത്തിയ പ്രഭാഷണം ചരിത്രത്തിന്റെ ഭാഗമാണ്. അത് എന്നും കേരളത്തിന് പ്രചോദനത്തിന്റെ വിളക്കുമാടം തന്നെയാണ്.

പുതിയ തലമുറയ്ക്ക് എന്നും വറ്റാത്ത ഊർജ്ജ സ്രോതസ്സായിരുന്നു അദ്ദേഹം. പ്രഭാഷണത്തിന്റെയും അദ്ധ്യാപനത്തിന്റെയും ഗവേഷണത്തിന്റെയും എല്ലാ സാധ്യതകളെയും അദ്ദേഹം പ്രയോജനപ്പെടുത്തിയത് പുതിയ തലമുറയ്ക്ക് വേണ്ടിയാണ്. വിജ്ഞാനത്തെ ഹൃദയത്തിലേറ്റി നടന്ന അദ്ദേഹത്തിന്റെ വേർപാട് ഒരു പ്രഭാഷണ വേദിയിലായിരുന്നുവെന്നത് ഒരുപക്ഷെ അർത്ഥപൂർണ്ണമായ യാദൃശ്ചികതയാകാം. ആ മഹാമനുഷ്യന്റെ ഓർമ്മകൾക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>): സർ, മുൻരാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൾ കലാമിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പറഞ്ഞത് അക്ഷരംപ്രതി ശരിയാണ്. ഇന്ത്യയുടെ രാഷ്ട്രപതിയെന്നതിനപ്പുറം അദ്ദേഹം ഈ രാജ്യത്തിന്റെ മുഴുവൻ ആളുകളെയും ഉൾപ്പെടുത്തിക്കൊണ്ട് സാധാരണ ജനങ്ങൾക്ക് ഉപകരിക്കുന്ന തരത്തിലുള്ള വികസനം സ്വപ്നം കണ്ട ഒരു മഹത്‌വ്യക്തിയായിരുന്നു. ഇവിടെ വന്ന് അദ്ദേഹം പ്രസംഗിച്ചപ്പോഴും, ഇന്നലെ IIM campus-ലെ കുട്ടികളോട് പ്രസംഗിച്ചപ്പോഴും കൂടാതെ ഓരോ

പ്രസംഗങ്ങളിലും അദ്ദേഹം പറഞ്ഞതും സ്വപ്നംകണ്ടതുമെല്ലാം ഭാവി ഇന്ത്യയാണ്. നമ്മുടെ സ്റ്റേറ്റിൽ ഇന്ന് ഏറ്റവുമധികം സക്സസ്സ് സ്റ്റോറിയായി മാറിയ ഡിജിറ്റൽ ലിറ്ററസിയെക്കുറിച്ച് പത്ത് വർഷംമുമ്പ് അക്ഷയ പദ്ധതിയുടെ കൺസൾട്ടേഷനു വേണ്ടി നമ്മുടെ ഒരു ടീം അദ്ദേഹത്തെ ചെന്നു കണ്ടപ്പോൾ അദ്ദേഹം പറഞ്ഞത്, നിങ്ങൾ നടപ്പിലാക്കുന്ന പദ്ധതിയിൽ വച്ച് ഏറ്റവും പ്രധാനപ്പെട്ടതായിരിക്കും ഇത്, എനിക്കിതു കേട്ടിട്ട് രോമം എടുത്തു തുടിക്കുന്നു എന്നൊക്കെയാണ്. കുട്ടികളെപോലെയാണ് അദ്ദേഹം സംസാരിച്ചത്. കാരണം ഡിജിറ്റൽ ഇന്ത്യ എന്ന് നമ്മൾ പറഞ്ഞു. പക്ഷെ, ഡിജിറ്റൽ കേരള അതായത് നിങ്ങൾക്കാണ് ഡിജിറ്റലി ലിറ്ററേറ്റ് സൊസൈറ്റിയെ സൃഷ്ടിക്കാൻ ആദ്യമായി ഇന്ത്യയിൽ കഴിയുക എന്നൊക്കെ പറഞ്ഞ് അദ്ദേഹം ഒരു വലിയ പ്രസംഗംതന്നെ നടത്തി. അതിനുശേഷം അദ്ദേഹം അക്ഷയ പദ്ധതിയുടെ ഉദ്ഘാടനത്തിനു വന്നു. ഇന്ന് ഡ്രീം മാത്രമല്ല അത് യാഥാർത്ഥ്യമായ ഒരു സ്റ്റേറ്റ് ആണ് കേരളം. കേരളത്തിൽ ഇപ്പോൾ ഡിജിറ്റൽ ലിറ്ററസി ഏതാണ്ട് നല്ലതുപോലെ നടക്കുന്നുണ്ട്. മാത്രമല്ല ഡിജിറ്റൽ കേരളയായി കേരളം മാറിക്കഴിഞ്ഞു. അദ്ദേഹം ഡ്രീം ചെയ്യുക മാത്രമല്ല അദ്ദേഹത്തിന്റെ പരിപാടികളും ചിന്തകളുമൊക്കെ പ്രയോഗവത്ക്കരിക്കാനും

സാധിക്കുമെന്നുള്ളത് ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടികാണിക്കുകയാണ്. അദ്ദേഹം നടത്തുന്ന ഓരോ പരിപാടികളിലും ക്ലാസുകളിലും ഒക്കെയടങ്ങിയിരിക്കുന്നത് ഭാവി ഇന്ത്യയെക്കുറിച്ചാണ്. ഒരു മഹത്‌വ്യക്തിയെയാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. കേരളത്തിലെ ഒരു പരിപാടിക്കു വന്നുകഴിഞ്ഞാൽ ഇപ്പോഴും കുട്ടികളോട് അദ്ദേഹം സംവാദിക്കുന്നതു കണ്ടാൽ നമുക്കുതന്നെ അത്ഭുതം തോന്നും. കുട്ടികളിലൊരാളായി അദ്ദേഹം മാറും. കേരളം അഭിമാനത്തോടുകൂടി ഓർക്കുന്ന ഒരു മഹത്‌വ്യക്തിയെയാണ് നഷ്ടപ്പെട്ടിരിക്കുന്നത്. അദ്ദഹത്തിലും അദ്ദേഹത്തിന്റെ ചിന്തകളിലുമൊക്കെ ഭാവി തലമുറയ്ക്ക് ഒരുപാട് മാതൃകകളുണ്ട്. ഈ അവസരത്തിൽ ഞാനും എന്റെ പാർട്ടിയും അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, നമ്മുടെ രാഷ്ട്രത്തിന്റെ ശാസ്ത്രലോകത്തെ, ലോകത്തിന്റെ നെറുകയിലെത്തിച്ച അപൂർവ്വങ്ങളിൽ അപൂർവ്വമായ ശാസ്ത്രജ്ഞനും ബഹിരാകാശ ഗവേഷണത്തിൽ വിലപിടിപ്പുള്ള നിരവധി സംഭാവനകൾ നൽകുകയും ചെയ്ത വ്യക്തിയായിരുന്നു അദ്ദേഹം. ഒരുപാട് ഗവേഷണങ്ങളിലൂടെ അത്ഭുതകരമായ ഒരു ലോകത്തേയ്ക്ക് ജനങ്ങളെ

കൂട്ടികൊണ്ടുപോകാൻ ഒരു സാധാരണ മനുഷ്യന്റെ സാഹസികമായ യാത്രയായിരുന്നു മഹാനായ നമ്മുടെ മുൻരാഷ്ട്രപതി എ. പി. ജെ. അബ്ദുൾ കലാം നടത്തിയത്. അദ്ദേഹത്തിൽ കാണുന്ന ഒരു പ്രത്യേകതയെന്നു പറയുന്നത് ഇന്ത്യയുടെ സാധാരണ ജനങ്ങളെ ശാസ്ത്രലോകത്തേയ്ക്ക് നയിച്ചുവെന്നുള്ളതാണ്. ദന്തഗോപുരങ്ങളിൽ ജീവിച്ച അനുഭവമല്ല ഡോ. അബ്ദുൾ കലാമിനുണ്ടായിരുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഓർമ്മിച്ചതുപോലെ എന്നെപ്പോലുള്ള ആളുകൾക്ക് നേരിട്ടറിയാം ആരുമറിയാതെ തിരുവനന്തപുരത്ത് രാത്രിയിൽ ഏകാന്തനായി നടന്നു പോയി ആഹാരം കഴിക്കുന്ന ചില കേന്ദ്രങ്ങളുണ്ടായിരുന്നു. അദ്ദേഹം രാഷ്ട്രപതിയായി വന്നപ്പോൾ രാജ്ഭവനിൽ ഇരുന്ന് അദ്ദേഹം ആദ്യം ക്ഷണിച്ചത് അദ്ദേഹത്തിന് ആഹാരം വച്ച് കാത്തിരിക്കുന്ന ഒരു ചെറിയ പെട്ടികടക്കാരനെയായിരുന്നു. അയാൾ തന്നെ അത്ഭുതപ്പെട്ടുപോയി. അത്ര ലളിതമായ, ഇന്ത്യയിലെ സാധാരണ ജനങ്ങളിലൊരാളായ, ആർഭാടരഹിതമായ, ഒരു വ്യക്തിയായിരുന്നു. എല്ലാ ആർഭാടങ്ങളും തന്റെ മുന്നിൽ സാധ്യമായപ്പോൾ അതിലൊന്നും വീഴാതെ സഞ്ചരിച്ച, ജീവിതം നയിച്ച വലിയ ഒരു മഹാനെയാണ് നമുക്ക് നഷ്ടപ്പെട്ടത്. കേരളത്തിന് കനത്ത നഷ്ടമാണ്. കാരണം, ബഹിരാകാശ ഗവേഷണ

കേന്ദ്രത്തിന് വേദിയൊരുക്കിയ കേരളവും, തിരുവനന്തപുരവും അദ്ദേഹത്തിന്റെ ഓർമ്മകൾ നിറഞ്ഞുനിൽക്കുന്ന ISRO - യും വലിയമലയും എല്ലാമിവിടെയാണ്. തീർച്ചയായും മലയാളികൾക്കും ഇന്ത്യയിലെ സാധാരണ ജനവിഭാഗങ്ങൾക്കും സംഭവിച്ച വലിയൊരു നഷ്ടമാണ്. ശാസ്ത്രലോകത്തിന് പ്രത്യേകിച്ചും. രാഷ്ട്രീയനേതാക്കന്മാരെ അമ്പരിപ്പിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ ഇടപെടലുകളെല്ലാം. ഒരു രാഷ്ട്രീയത്തിനോടും പ്രത്യേകതയോ ഒന്നിനോടും പകയോ വിദ്വേഷമോ ഒന്നുമില്ലായിരുന്നു. പൊതുവേദികളിൽ അദ്ദേഹം സാധാരണ ജനങ്ങളെ അഭിസംബോധന ചെയ്യുമായിരുന്നു. അടുത്തു പോകുമായിരുന്നു. ഒരു പരിചയവുമില്ലെങ്കിലും ചോദ്യങ്ങൾ ചോദിക്കുമായിരുന്നു. അങ്ങനെ എന്നും തന്റെ രാജ്യത്തിന്റെ പുതിയ തലമുറയോട് നിരന്തരം സംവാദം നടത്തി ആ സംവാദത്തിന്റെ രംഗത്ത് വച്ച് തന്നെ നാടകീയമായി അദ്ദേഹം വിടപറയുകയാണുണ്ടായത്. ആ നിര്യാണത്തിൽ ഞാനും എന്റെ പാർട്ടിയും അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഡോ. എസ്. രാധാകൃഷ്ണൻ ഇന്ത്യയുടെ രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ട സന്ദർഭത്തിൽ ബെർട്രാൻഡ് റസ്സൽ പറയുകയുണ്ടായി ഒരു

ദാർശനികൻ രാഷ്ട്രപതിയാകുമ്പോൾ ആ രാജ്യത്തിന്റെ യശസ്സ് ഉയരും എന്ന്. അത് വളരെ അന്വർത്ഥമാണ്. ഡോ. അബ്ദുൾ കലാമിന്റെ കാര്യത്തിൽ അത് വളരെ അന്വർത്ഥമാണ്. അബ്ദുൾ കലാം വാസ്തവത്തിൽ ഇന്ത്യയുടെ യശസ്സ് ലോകരാഷ്ട്രങ്ങൾക്കിടയിൽ ഉയർത്തിയെന്നുള്ളതാണ്. അതുപോലെതന്നെ ശാസ്ത്രത്തേയും ധാർമ്മിക മൂല്യങ്ങളെയും സമന്വയിപ്പിച്ചുകൊണ്ട് പുതിയ ചിന്താധാര അദ്ദേഹം യുവാക്കൾക്കായി നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ 'അഗ്നിചിറകുകൾ' എന്ന ഗ്രന്ഥം എത്രയോ വലിയ ചിന്താദീപമായിട്ടുള്ള കാര്യമാണ്. ഏത് സദസ്സിനെ അദ്ദേഹം അഭിസംബോധന ചെയ്യുമ്പോഴും ആ സദസ്സിനെ അദ്ദേഹം കീഴ്പ്പെടുത്തുമായിരുന്നു. വാസ്തവത്തിൽ ഇതുപോലെ മനുഷ്യമനസ്സിനെ പിടിച്ചെടുക്കുവാൻ കഴിയുന്ന ഒരു വ്യക്തിത്വം വളരെ വിരളമാണ്. കുട്ടികളോടു സംസാരിക്കുമ്പോൾ കുട്ടികൾക്ക് അങ്ങോട്ട് ചോദ്യങ്ങൾ എറിഞ്ഞു കൊടുത്തിട്ട് ആ ചോദ്യങ്ങൾക്കെല്ലാം ഉത്തരം കൊടുത്തുകൊണ്ട് അവരെ ജ്വലിപ്പിക്കുന്ന കാഴ്ച വളരെ പ്രത്യേകതയായിരുന്നു. അബ്ദുൾ കലാമിനെപോലെയുള്ള പ്രതിഭകളുടെ വേർപാട് നമ്മുടെ ഭൗതിക ലോകത്തിന് വന്നിട്ടുള്ള ഏറ്റവും വലിയ ഒരു നഷ്ടമാണ്. ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ അനുസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ഞാൻ

എന്റെയും എന്റെ പാർട്ടിയുടെയും അഗാധമായ ദുഃഖം പങ്കുവയ്ക്കുന്നു.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, ഇന്നലെ അന്തരിച്ച ഡോ. എ. പി. ജെ. അബ്ദുൽ കലാമിനെ സംബന്ധിച്ച് അങ്ങും സഭാനേതാവും പ്രതിപക്ഷ നേതാവും മറ്റ് കക്ഷിനേതാക്കളും പറഞ്ഞ എല്ലാ വികാരത്തോടും ഞാനും എന്റെ കക്ഷിയും യോജിക്കുകയാണ്. വളരെ അപ്രതീക്ഷിതമായ ഈ വേർപാട് ശരാശരി കേരളീയരെ എല്ലാവരേയും നൊമ്പരപ്പെടുത്തിയിട്ടുണ്ട്. രാജ്യത്തിനും പ്രത്യേകിച്ച് കേരളത്തിനും ഇത് വലിയൊരു നഷ്ടമാണ്. 1982 മുതൽ 2002 വരെയുള്ള ദീർഘകാലം അദ്ദേഹം പ്രവർത്തിച്ചത് കേരളത്തിൽ തന്നെയായിരുന്നു. ഒരു മുസ്ലീം സമുദായത്തിൽ ജനിച്ച് ഹൈന്ദവ സമുദായംഗങ്ങൾ ഏറെ തിങ്ങിപ്പാർക്കുന്ന രാമേശ്വരത്ത് പ്രവർത്തിച്ച് അവിടെനിന്ന് വളർന്ന് ഒരു ക്രൈസ്തവ ദേവാലയം ഒരുക്കിക്കൊടുത്ത മൈതാനത്ത് തന്റെ പ്രവർത്തനങ്ങൾ, റോക്കറ്റുകളടക്കം നിർമ്മിക്കാൻ അവസരം ലഭിച്ച ഒരു ജീവിതത്തിനുടമയാണ് താനെന്ന് അഭിമാനത്തോടുകൂടി അദ്ദേഹം പറയാറുണ്ട്. ജീവിതം പോലെത്തന്നെ അദ്ദേഹത്തിന്റെ മരണവും അസാധാരണമായിരുന്നു. അവസാന നിമിഷം വരെ പ്രവർത്തന

സജ്ജമായിരിക്കാൻ ഡോ. എ. പി. ജെ. അബ്ദുൽ കലാമിന് ഭാഗ്യം ലഭിച്ചു. ഒരു ടെക്നോക്രാറ്റ് രാഷ്ട്രത്തലവനായി നിയമിക്കപ്പെടുമ്പോൾ എങ്ങനെയാകുമെന്ന് ആശങ്കപ്പെട്ട പലരുമുണ്ട്. ജനനേതാക്കളെപോലെത്തന്നെ, ഒരുപക്ഷേ അതിനേക്കാളുപരിയായി രാഷ്ട്രത്തോടും ജനങ്ങളോടും പ്രതിബന്ധത പുലർത്തിക്കൊണ്ട് അത്ഭുതകരമായ തരത്തിൽ തന്റെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിച്ച ഒരു രാഷ്ട്രപതിയെയാണ് ഡോ. എ. പി. ജെ. അബ്ദുൽ കലാമിൽ നാം കണ്ടത്. രാഷ്ട്രപതിപദം എന്നത് ഒരു സെറിമോണിയൽ പോസ്റ്റായി കൽപ്പിക്കപ്പെട്ടിരുന്നു. അത് ആലങ്കാരികമായ പദവിയല്ല. സാമൂഹ്യ പ്രതിബദ്ധതയോടുകൂടി ജനങ്ങളെ സേവിക്കാനുള്ള ഒരു അവസരമായി കണ്ട് പ്രവർത്തിക്കാൻ അദ്ദേഹം പ്രത്യേകമായ ശ്രദ്ധ ചെലുത്തിയെന്നതിന് ചരിത്രം സാക്ഷിയാണ്. അ പദവിയെ ആസ്വദിക്കുകയായിരുന്നില്ല. ലഭിച്ച ഉത്തരവാദിത്തങ്ങൾ സാമൂഹ്യ പ്രതിബദ്ധതയോടുകൂടി ജനസേവനത്തിനുവേണ്ടി വിനിയോഗിക്കാൻ വലിയ ശ്രമം നടത്തിയെന്നത് നമ്മുടെ മുമ്പിൽ തുറന്നുകാട്ടിയിട്ടാണ് അദ്ദേഹം നമ്മെ വിട്ടുപിരിയുന്നത്. സ്വപ്നം കാണാൻ യുവതലമുറയ്ക്കും വിദ്യാർത്ഥി സമൂഹത്തിനും വളരെ പ്രേരണ കൊടുത്ത ഒരു വ്യക്തിത്വമായിരുന്നു ഡോ. എ. പി. ജെ. അബ്ദുൽ കലാം. ഇവിടെ മുൻ

പ്രാസംഗികൻ ചൂണ്ടിക്കാണിച്ചപോലെ അദ്ദേഹത്തിന്റെ പുസ്തകം 'അഗ്നിച്ചിറകുകൾ' വളരെ നല്ല ചിന്തകൾ. അതിലെ ഒന്നരണ്ട് വാചകം മാത്രം ഞാൻ ഉദ്ധരിക്കുകയാണ്. സമയച്ചുരുക്കം കൊണ്ട് കൂടുതൽ പോകുന്നില്ല. "Don't take rest after your first victory, because if you fail in second more lips are waiting to say that your first victory was just luck. മറ്റൊരു ചിന്ത, "All birds find shelter during a rain, but eagle avoids rain by flying above the clouds." തലമുറകളെ പ്രചോദിപ്പിക്കുന്ന നിരവധി ചിന്തകൾ ഈ രാഷ്ട്രത്തിനും ലോകത്തിനും സംഭാവന ചെയ്തിട്ടാണ് അദ്ദേഹം നമ്മളെ വിട്ടുപിരിഞ്ഞിരിക്കുന്നത്. ദീപ്തമായ ആ സ്മരണയ്ക്കുമുമ്പിൽ ഞാനും എന്റെ കക്ഷി അംഗങ്ങളും പ്രണാമം അർപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, അന്തരിച്ച മുൻ രാഷ്ട്രപതി ഡോ. എ. പി. ജെ. അബ്ദുൽ കലാം - എളിമയുടെ പര്യായം, കുട്ടികളുടെ മനസ്സ്, പുതിയ ടെക്നോളജിയുടെ ഉടമസ്ഥൻ, വികസന കാര്യങ്ങളിൽ ഒരു പുതിയ കാഴ്ചപ്പാട്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ വികസനം ഇന്നേയ്ക്കു വേണ്ടിയല്ല മറിച്ച് വരുന്ന

കാലഘട്ടങ്ങളിലേയ്ക്ക് ആയിരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, 2005-ൽ അദ്ദേഹം വന്നപ്പോൾ 2010 വരെയുള്ള വികസനത്തെകുറിച്ചാണ്... അങ്ങനെ വികസനത്തിന്റെ ഒരു കാഴ്ചപ്പാട്. ഇവിടെ വന്നപ്പോൾ ഞങ്ങളുമായിട്ട് ഒരു സൗഹൃദ സംഭാഷണത്തിൽ അദ്ദേഹം പറഞ്ഞു - വികസന കാര്യങ്ങളിൽ രാഷ്ട്രീയത്തിന്റെ അതിപ്രസരം പാടില്ല. നമ്മൾ തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ, when you are elected, you are for the people. നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ ജനങ്ങൾക്കുവേണ്ടിയാണ്. ജനങ്ങളുടെ ഒപ്പം നിൽക്കാൻ നിങ്ങൾക്ക് സാധിക്കണം. അതിൽ രാഷ്ട്രീയത്തിന്റെ അതിപ്രസരം പാടില്ല എന്നാണ് പറഞ്ഞത്. ഇൻഡ്യ കണ്ട മഹാപ്രതിഭ എന്ന് നമുക്കദ്ദേഹത്തെ വിശേഷിപ്പിക്കാം. ഒട്ടേറെ പ്രതിബദ്ധതയുള്ള അദ്ദേഹത്തിന്റെ വിട കേരളത്തെ സംബന്ധിച്ചിടത്തോളവും, പ്രത്യേകിച്ച് ഇൻഡ്യാ രാജ്യത്തിനും ഏറ്റവും വലിയൊരു നഷ്ടം തന്നെയാണ്. ഇവിടെ എല്ലാവരും പറഞ്ഞതുപോലെ അദ്ദേഹത്തിന് കുട്ടികളുടെ മനസ്സാണ്. അദ്ദേഹം അവസാന നിമിഷം വരെ കുട്ടികളോടൊപ്പം നിന്നുകൊണ്ട്... അതുപോലെതന്നെ വികസന കാര്യങ്ങളെകുറിച്ച്, ടെക്നോളജിയെകുറിച്ച് ക്ലാസുകളെടുക്കാൻ അദ്ദേഹം മുന്നോട്ടുവന്നത്. പ്രസിഡന്റ് സ്ഥാനത്തുനിന്ന്

പിരിഞ്ഞ ഒരാൾപോലും ഇൻഡ്യാരാജ്യത്ത് അത്തരത്തിലുള്ള ഒരു പ്രവർത്തനവുമായിട്ട് മുന്നോട്ടുപോയിട്ടില്ല. അദ്ദേഹത്തിന്റെ കാഴ്ചപ്പാടും മനസ്സും അതാണ്. ആ മനസ്സിന്റെ ഓർമ്മയ്ക്ക് മുമ്പിൽ ഒരായിരം ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ നിര്യാണ വാർത്ത ലോകം വളരെ ദുഃഖത്തോടെയാണ് ശ്രവിച്ചത്. ഒട്ടും പ്രതീക്ഷിക്കാത്തൊരു സന്ദർഭത്തിൽ അദ്ദേഹം നമ്മളിൽനിന്ന് വിട്ടുപോയി. ആ ജീവിതം അവസാന ശ്വാസം വരെ കർമ്മനിരതമായിരുന്നു എന്നത് വലിയൊരു യാഥാർത്ഥ്യമാണ്. യുവത്വത്തിന് എന്നും പ്രചോദനമായിരുന്ന അദ്ദേഹം യുവാക്കളേയും കുട്ടികളേയും എറ്റവുമധികം ഉൾക്കൊള്ളുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. കുഞ്ഞുങ്ങളെ സമീപിക്കുന്നതിന് അദ്ദേഹത്തിന് പ്രോട്ടോക്കോളുകളൊന്നും തടസ്സമായിരുന്നില്ല. സ്വപ്നം കാണാൻ പ്രേരിപ്പിക്കുകയും ആ സ്വപ്നങ്ങൾ രാജ്യത്തിന്റെ നന്മയ്ക്കായിട്ടായിരിക്കണമെന്നും അദ്ദേഹം തലമുറകളെ ഓർമ്മിപ്പിച്ചിരുന്നു. ലളിത ജീവിതം നയിച്ചിരുന്ന ഒരു വലിയ വ്യക്തിത്വം. ഏത്

കൂട്ടായ്മകളിലും, യുവാക്കളുടെ കൂട്ടായ്മകൾ ഉണ്ടെങ്കിൽ അവിടെ ചെല്ലുവാൻ അദ്ദേഹം ഏറെ അഗ്രഹിച്ചിരുന്നു. ഐ.ഐ.എം.ലും ഐ.ഐ.ടി.കളിലും മാത്രമല്ല അദ്ദേഹം പോയിരുന്നത്. ചെറുപ്പക്കാരുടെ കൂട്ടായ്മകൾ എവിടെയുണ്ടോ അവിടെ ക്ഷണം ലഭിച്ചാൽ അദ്ദേഹം പോകുമായിരുന്നു. ഒരു വലിയ മനസ്സാണ്. എന്റെ ഗ്രാമത്തിലെ മണ്ണുത്തുരിനടുത്ത് ഒരു കോളേജിൽ അദ്ദേഹം വന്നിരുന്നു. വളരെ റൂറൽ ഏരിയയിലുലുള്ള ഒരു കോളേജാണ്. അവിടെ വരാൻ അദ്ദേഹം മനസ്സ് കാട്ടി എന്നുള്ളത് വലിയ കാര്യമാണ്. അവിടെയൊക്കെ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളെല്ലാം സംവാദങ്ങളായി മാറുന്നു. രാജ്യത്തിന്റെ എല്ലാ പ്രദേശങ്ങളിലും അദ്ദേഹം എത്തി. രാജ്യത്തിന്റെ എല്ലാ ഗ്രാമങ്ങളിലും എത്തിച്ചേരാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. ശാസ്ത്രലോകത്തിനുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ എന്നും ഓർക്കപ്പെടും എന്നുപറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. എളിയ ജീവിത സാഹചര്യത്തിൽനിന്ന് ലോകത്തിന്റെ നെറുകയിൽ എത്തിച്ചേർന്ന മഹാനായ മനുഷ്യസ്നേഹി, പ്രപഞ്ചസ്നേഹി. ആ ദീപ്തസ്മരണകൾക്കു മുമ്പിൽ ശിരസ്സുനമിക്കുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എന്റേയും എന്റെ കക്ഷിയുടെയും അനുശോചനം ഞാൻ രേഖപ്പെടുത്തുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇന്നലെ ആകസ്മികമായി നമ്മെ

വിട്ടുപിരിഞ്ഞുപോയ മഹാപ്രതിഭാശാലിയായ ഡോ. എ. പി. ജെ. അബ്ദുൾ കലാമിന്റെ നിര്യാണത്തിൽ അങ്ങും ഇവിടെ സംസാരിച്ച മറ്റു കക്ഷിനേതാക്കളും പ്രകടിപ്പിച്ച വിചാരങ്ങളോടും വികാരങ്ങളോടും ഞാനും പൂർണ്ണമായും യോജിക്കുകയാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ അദ്ദേഹത്തിന്റെ ടാർജറ്റ് പുതിയ തലമുറയായിരുന്നു. അവരുമായി സംവദിക്കുന്നതിലൂടെ നമ്മുടെ രാജ്യത്തിന്റെ പ്രയാണ ചക്രങ്ങൾക്ക് എണ്ണയിട്ടു കൊടുക്കാനാണ് അദ്ദേഹം ശ്രമിച്ചത്. രാഷ്ട്രപതി സ്ഥാനത്തുനിന്ന് മാറിയതിനുശേഷവും അദ്ദേഹം ധാരാളം യാത്രകൾ ചെയ്യുകയും കർമ്മനിരതനാകുകയും ചെയ്തുവെന്ന് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. തനിക്കൊരു നിയോഗമുണ്ടെന്നും ആ നിയോഗം നിർവ്വഹിക്കാൻ താൻ ബാധ്യസ്ഥനാണെന്നുമുള്ള തിരിച്ചറിവാണ് അതിനദ്ദേഹത്തെ പ്രേരിപ്പിച്ചത്. നമ്മുടെ നാട്ടിൽ രാഷ്ട്രീയ പശ്ചാത്തലമുള്ളവരാണ് രാഷ്ട്രപതിമാരായി മാറിയിട്ടുള്ളത്. ഡോ. എസ്. രാധാകൃഷ്ണനെപോലുള്ളവരെ ഞാൻ മാറ്റി നിർത്തുന്നു. ഇൻഡ്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങളുടെ ആത്മാവ് കണ്ടെത്തിയാണ് ഡോ. എ. പി. ജെ. അബ്ദുൽ കലാം പ്രവർത്തിച്ചത്. എല്ലാ തീരുമാനങ്ങളിലും, അധികാരമേൽക്കുമ്പോൾ സത്യപ്രതിജ്ഞ ചെയ്തതുപോലെ, ഒരു ലംഘനവും

നടത്താതെ അതിന്റെ കാവൽക്കാരനായി നിന്ന് പ്രവർത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. അദ്ദേഹം രാഷ്ട്രപതിയായിരുന്ന കാലഘട്ടത്തിൽ മതേതര മൂല്യങ്ങളെ വെല്ലുവിളിക്കുന്ന നിരവധി സംഭവങ്ങൾ നമ്മുടെ രാജ്യത്തുണ്ടായി. ആ പ്രശ്നങ്ങളൊക്കെ വന്നപ്പോൾ മതേതരത്വത്തിന്റെയും ജനാധിപത്യ മൂല്യങ്ങളുടെയും കാവൽക്കാരനായി അദ്ദേഹം പ്രവർത്തിക്കുന്നത് നമ്മൾ ആദരവോടെ നോക്കിക്കാണുകയുണ്ടായി. വന്ന വഴികൾ മറക്കാതെ... പലരും വന്ന വഴികൾ മറക്കുകയാണ്. താൻ ജനിച്ചു വളർന്നുവന്ന ചുറ്റുപാട്, അവിടുത്തെ അദ്ദേഹത്തിന്റെ കൂട്ടുകാർ, അദ്ദേഹത്തിനോടൊപ്പം ആ കാലഘട്ടത്തിൽ ജീവിച്ചവർ, അവരുടെ ജീവിതമാണ് മാറ്റേണ്ടത് എന്ന് അദ്ദേഹം ധരിച്ചു. പിൽക്കാലത്ത് അദ്ദേഹം വളർന്നു വലുതായപ്പോൾ പരിചയപ്പെട്ട പല പ്രതിഭാശാലികളെപോലെ സമൂഹത്തെ മാറ്റണം എന്നല്ല ഈ ജനവിഭാഗങ്ങളോടുള്ള താദാത്മ്യമാണ് അദ്ദേഹം എല്ലാ കാലത്തും പ്രകടിപ്പിച്ചത്. നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം ഒരു ഉത്തമ സുഹൃത്ത്, ഒരു ബന്ധു, നമുക്ക് മാർഗ്ഗദർശനം നൽകിയ നമ്മുടെയൊരു നേതാവ് എന്നീ നിലകളിലെല്ലാം ഡോ. എ. പി. ജെ. അബ്ദുൾ കലാം എല്ലാ കാലത്തും സ്മരിക്കപ്പെടും. അദ്ദേഹത്തെപ്പോലുള്ള പ്രതിഭാധനൻമാരുടെ വിയോഗം നമ്മുടെ

നാടിന് തീരാനഷ്ടമാണ്. അതുകൊണ്ടാണ് ഈ നാട് അദ്ദേഹത്തിന്റെ നഷ്ടത്തിൽ വിലപിക്കുന്നത്. ആ വികാരത്തിൽ, ആ ദുഃഖത്തിൽ, ആ പ്രയാസത്തിൽ ഞാനും എന്റെ കക്ഷിയും പങ്കുചേരുകയാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഡോ. എ.പി.ജെ. അബ്ദുൾ കലാം ജീവിതത്തിന്റെ അന്ത്യ നിമിഷം വരെ നമ്മുടെ രാജ്യത്തിനുവേണ്ടി ജീവിച്ച മരിച്ച മഹാനാണെന്നാണ് അദ്ദേഹത്തെക്കുറിച്ച് പറയാനുള്ളത്. ശാസ്ത്രജ്ഞൻ എന്ന നിലയിലും ഒരു അദ്ധ്യാപകനെപ്പോലെ ജീവിതാവസാനം വരെ പ്രവർത്തിക്കുമ്പോഴും, ഇൻഡ്യൻ യുവത്വത്തിന് നമ്മുടെ മഹാത്മാഗാന്ധി അടക്കമുള്ള മഹാൻമാർ പറഞ്ഞു, നാളത്തെ ഭാരതം യുവാക്കളുടെ കൈയ്യിൽ എന്നാണ്. ആ യുവാക്കളെ കരുത്തുറ്റവരാക്കാൻ, അവരുടെ മനസ്സിൽ ആത്മവിശ്വാസം പകരാൻ ജീവിതത്തിൽ ഒരിടത്തും പുറകോട്ട് നിൽക്കാതെ മുന്നോട്ട് പോകാൻ അന്ത്യനിമിഷംവരെ ഒരു അദ്ധ്യാപകനെപ്പോലെ അദ്ദേഹം പഠിപ്പിക്കുകയായിരുന്നു. രാഷ്ട്രപതിയെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഈ രാജ്യത്തെ ഏറ്റവും

പാവപ്പെട്ടവരെ എങ്ങനെ സഹായിക്കാം, എങ്ങനെ രക്ഷിക്കാം എന്നുള്ളതായിരുന്നു. അത് വെറും പ്രസംഗങ്ങളിൽ മാത്രമല്ല, പ്രവൃത്തി പദത്തിൽ കൊണ്ടുവരാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും, അദ്ദേഹം നമ്മുടെ നിയമസഭയ്ക്കുള്ളിൽ നടത്തിയ പ്രഭാഷണം, കേൾക്കാൻ ഭാഗ്യം ലഭിച്ചത് നമുക്കേവർക്കും അറിയാം. ഇൻഡ്യയിലെ ഏറ്റവും വിഷമമനുഭവിക്കുന്ന മൽസ്യതൊഴിലാളികളെ ആധുനിക ശാസ്ത്രം ഉപയോഗപ്പെടുത്തിക്കൊണ്ട്, എങ്ങനെ അവരുടെ ജീവിതം ഉയർത്താം, അവരുടെ പ്രവർത്തന രംഗത്ത് അവരെ എങ്ങനെ ഉയർച്ചയിലേക്ക് കൊണ്ടുവരാം എന്നതിനെ സംബന്ധിച്ച ഒരു വിഷയം അദ്ദേഹം ഈ നിയമസഭയ്ക്കുള്ളിൽ അവതരിപ്പിച്ചിട്ടുണ്ട്. അത് കേൾക്കാനുള്ള ഒരവസരം ലഭിച്ചത് നമ്മുടെയെല്ലാം ഒരു ഭാഗ്യമായി നമുക്ക് കാണാം. ഒരു രാഷ്ട്രപതി എന്നതിനപ്പുറത്തേക്ക് അദ്ദേഹം ഇൻഡ്യയുടെ രാഷ്ട്രപതിയായി ലോകം അറിയുന്ന ഒരു ശാസ്ത്രജ്ഞൻ, ആറ്റോമിക് എനർജിയുടെ കാര്യത്തിലാണെങ്കിലും, റോക്കറ്റ് സാങ്കേതിക വിദ്യയിലാണെങ്കിലും, സാറ്റലൈറ്റ്, മിസൈൽ അങ്ങനെ എല്ലാ ശാസ്ത്ര രംഗത്തും ഇൻഡ്യ

കൈവരിച്ച നേട്ടങ്ങളുടെ മുൻനിരക്കാരനായ അദ്ദേഹം ഇൻഡ്യയുടെ രാഷ്ട്രപതിയായി ചുമതലയേൽക്കുമ്പോൾ ലോകം ബഹുമാനത്തോടെ, ആദരവോടെയാണ് നമ്മുടെ രാജ്യത്തെകണ്ടത്. അദ്ദേഹത്തിനെ സംബന്ധിച്ച് പറയുമ്പോൾ ഒരു പൊതു പ്രവർത്തകനെന്ന നിലയിൽ എനിക്ക് വ്യക്തിപരമായി മനസ്സിൽ സൂക്ഷിക്കുന്ന സ്വാർത്ഥമായ ഒരു അഭിമാനമുണ്ട്, അതുപോലെ ഇവിടെയിരിക്കുന്ന പലർക്കുമുണ്ടാകാം. അദ്ദേഹം രാഷ്ട്രപതിയായി മൽസരിക്കുമ്പോൾ ഒരു എം.എൽ.എ. എന്ന നിലയിൽ, പൊതു പ്രവർത്തകൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ വിജയത്തിനുവേണ്ടി ഒരു വോട്ട് രേഖപ്പെടുത്താൻ കഴിഞ്ഞു എന്നത് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഒരഭിമാനമായി അന്നും, ഇന്നും, എന്നും, ഞാൻ മനസ്സിൽ സൂക്ഷിക്കുന്ന അഭിമാനകരമായ മുഹൂർത്തമായിട്ടാണ് ഞാൻ കാണുന്നത്. തീർച്ചയായിട്ടും അദ്ദേഹത്തിനെപ്പോലെ ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത പല മഹാന്മാരും ഈ രാജ്യത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ട് ഇൻഡ്യയുടെ പരമോന്നതമായ പല പദവികളും വഹിച്ചിട്ടുണ്ട്. കുറേ കാലങ്ങൾക്കുശേഷം ഒരു മഹത്

വ്യക്തി ജനിച്ചപ്പോൾ മുതൽ ഇന്നലെ 84 വയസ്സിൽ നമ്മളെ വേർപെടുന്ന ആ നിമിഷം വരെ ഈ രാജ്യത്തിനുവേണ്ടി ജീവിച്ച ഒരു മഹാൻ, ഇൻഡ്യയുടെ രാഷ്ട്രപതിയായ ആ മുഹൂർത്തം ഭാരതീയന് ഒരിക്കലും മറക്കാൻ കഴിയുന്നതല്ല, ഒരിക്കലും അദ്ദേഹം നമ്മളിൽ നിന്ന് അകലുന്നില്ല. ഇന്നലെ അദ്ദേഹത്തിന്റെ വേർപാട് മാധ്യമങ്ങളിൽ കൂടി കേൾക്കുമ്പോൾ ഒരോ ഭാരതീയനും വിശ്വസിച്ചത് ഒരു മുൻ രാഷ്ട്രപതി മരിച്ചു എന്നല്ല, എന്റെ ഒരു അടുത്ത ബന്ധു, എന്റെ കുടുംബത്തിലെ ഒരു അംഗം, അല്ലെങ്കിൽ ഏറ്റവും ആത്മാർത്ഥമായി അടുത്തു നിൽക്കുന്ന ഒരു ഗുരു, അല്ലെങ്കിൽ ഏറ്റവും അടുത്തു നിൽക്കുന്ന ഒരു വ്യക്തി നഷ്ടപ്പെട്ടു എന്നാണ്, നമ്മളോരോരുത്തരും അത് ആലങ്കാരികമായി പറയുന്നതല്ല. നമ്മൾ സംസാരിക്കുമ്പോൾ ഓരോ വ്യക്തികളും പറയുന്നത് എന്റെ ഒരു ബന്ധു മരിച്ചതുപോലെ എന്നാണ്. പ്രായം ചെന്ന ഒരു അംഗം മരിച്ചു എന്ന വാർത്ത അറിയുന്ന വേദനയാണ്, ഞെട്ടൽ അല്ല, വേദനയാണ് നമുക്കേവർക്കുമുണ്ടായത്. ആരും വെറുക്കാത്ത ഒരു മനുഷ്യൻ, പ്രത്യേകിച്ച് പൊതു രംഗത്തുനിൽക്കുമ്പോൾ കുറെ ആളുകൾ ഇഷ്ടപ്പെടാതെ വരും.

പക്ഷേ ഇദ്ദേഹത്തിന്റെ വ്യക്തിത്വം നമ്മൾ ആദരവോടെ കാണേണ്ടത് ആരും അദ്ദേഹത്തെ ഇഷ്ടപ്പെടാതിരുന്നില്ല. കുഞ്ഞുങ്ങൾ മുതൽ പ്രായമായവർവരെ, എല്ലാ രാഷ്ട്രീയ പ്രവർത്തകരും, മാധ്യമ പ്രവർത്തകരും ഇഷ്ടപ്പെടുന്ന ഒരു വ്യക്തിത്വമുണ്ട്. ആ വ്യക്തിത്വമാണ് നമ്മളെ വിട്ടുപിരിഞ്ഞത്, അദ്ദേഹത്തിന്റെ വേർപാടിലുണ്ടായ ദു:ഖമെന്നു പറയുന്നത് ഈ രാഷ്ട്രത്തിന്റെ ദു:ഖമാണ്, നമ്മുടെ ഓരോരുത്തരുടേയും ദു:ഖമാണ്, ഒരോ കുടുംബത്തിന്റേയും ദു:ഖമാണ്. ആ ദു:ഖത്തിൽ ഞാനും പങ്കുചേരുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് എന്റേയും എന്റെ പാർട്ടിയുടേയും അനുശോചനമറിയിക്കുന്നു.

<u>മി. സ്പീക്കർ</u>: അന്തരിച്ച മുൻരാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾകലാമിനോടുള്ള ആദരസൂചകമായി അല്പസമയം നമുക്ക് എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മുൻരാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾകലാമിനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്നു മൗനമാചരിച്ചു)

<u>മി. സ്പീക്കർ</u>: ഓർഡർ.........ഓർഡർ........ബഹുമാനപ്പെട്ട

മുഖ്യമന്ത്രി.....